**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 439** **08-10-2024 - ൽ മറുപടിയ്ക്ക്**

**പത്തിരിപ്പാല ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്‌ബി വഴി അനുവദിച്ച പത്തിരിപ്പാല ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതിന്റെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | 13-11-2017-ലെ സ.ഉ (കൈ) നം.285/2017/ഉ.വി.വ നമ്പർ ഉത്തരവു പ്രകാരം പുതുതായി ആരംഭിക്കുന്ന പത്തിരിപ്പാല ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെടെ 12 കോളേജുകൾക്ക് ആകെ 12 കോടി രൂപയുടെ (ഒരു കോളേജിന് 10 കോടി രൂപ വീതം) ഭരണാനുമതി സർക്കാർ നൽകിയിരുന്നു. കൂടാതെ, 06-07-2019-ലെ സ.ഉ (സാധാ) നം.1155/2019/ഉ.വി.വ നമ്പർ ഉത്തരവു പ്രകാരം ടി കോളജിൽ അക്കാഡമിക് ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കാന്റീൻ ബിൽഡിംഗ്, ആഡിറ്റോറിയം, ചുറ്റമതിൽ എന്നിവ കിഫ്‌ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് 9.39 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ് കോ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്‌ബി പരിശോധിച്ച ശേഷം മാനദണ്ഡങ്ങൾക്കനുസൃതമായി 10.15 കോടി രൂപയുടെ ധനാനുമതി നൽകുകയുണ്ടായി. ടി തുക, ഡി.എസ്.ആർ-ജി.എസ്.റ്റി നിരക്കുകളിലുണ്ടായ വ്യത്യാസത്താലും GRIHA-KMBR മാനദണ്ഡങ്ങൾക്കനുസരിച്ചും ഉയർത്തി നൽകുന്നതിന് കിറ്റ് കോ സമർപ്പിച്ച പുതുക്കിയ ശിപാർശ കിഫ്‌ബി വീണ്ടും പരിശോധിച്ച ശേഷം 13.56 കോടി രൂപയുടെ ധനാനുമതി 30-03-2023-ൽ നൽകുകയുണ്ടായി. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശം തീയതി സഹിതം വ്യക്തമാക്കാമോ; | (ബി) | ടി പ്രവൃത്തിക്ക് കിറ്റ്കോ 11.42 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും 16-09-2023 -ൽ വർക്ക് ടെൻഡർ ചെയ്തിട്ടുള്ളതും 17-08-2024-ൽ ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന കരാറുകാരന് പ്രവൃത്തി അവാർഡ് ചെയ്തിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോ മുഖേന നടപ്പാക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ പദ്ധതികൾ പരിശോധിക്കുന്നതിനുള്ള ടെക്നിക്കൽ കമ്മിറ്റി പുനഃസംഘടിപ്പിച്ചതിനു ശേഷം മാത്രമേ ടി കോളേജിലെ കിഫ്ബി പ്രവൃത്തിയുടെ ടെൻഡർ നടപടികളുമായി മുന്നോട്ടു പോകാനാകു എന്ന് 2024 ജൂൺ മാസം കിഫ്ബിയിൽ ചേർന്ന യോഗത്തിൽ കിറ്റ്കോ അറിയിച്ചിരുന്നു. 14-06-2024-ലെ സ.ഉ (സാധാ) നം.681/2024/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ആയതിനു ശേഷം, കിറ്റ് കോ ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കൂടാതെ, 2024 ആഗസ്റ്റ് മാസം ബഹു.എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ കിഫ്ബി ആസ്ഥാനത്തു ചേർന്ന യോഗത്തിൽ, ടി കോളേജിലെ നിർദ്ദിഷ്ട സ്ഥലത്തുള്ള മരങ്ങൾ മുറിക്കുന്നതിനുള്ള ലേലനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കോളേജ് പ്രിൻസിപ്പൽ അറിയിച്ചിരുന്നു. ഇതിനാവശ്യമായ ചെലവ് പി.ടി.എ ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനും ഇക്കാര്യത്തിൽ, ബഹു.എം.എൽ.എ-യുടെ ഇടപെടൽ ഉറപ്പ് വരുത്തുന്നതിനും യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, 3 പ്രാവശ്യം ലേലം ചെയ്തെങ്കിലും കുറഞ്ഞ തുക ക്വോട്ട് ചെയ്തതിനാൽ, വകുപ്പ് കാര്യാലയവുമായി ചേർന്ന് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് കോളേജ് പ്രിൻസിപ്പൽ നിലവിൽ അറിയിച്ചിട്ടുണ്ട്. മരങ്ങൾ മുറിച്ചുമാറ്റി സ്ഥലം കൈമാറിക്കിട്ടിയ ശേഷം മാത്രമേ കരാറുകാരന് പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ